ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ നിയമിതരായവരുടെ സീനിയോറിറ്റി ലിസ്റ്റ് പുനർ നിർണ്ണയിക്കാനും പ്രൊമോഷൻ പുനഃസ്ഥാപിക്കാനും ഉള്ള ഉത്തരവിൻമേൽ നടപടി

148 [1726] ശ്രീ. കെ. എൻ. എ. ഖാദർ:

" പി. കെ. കെ. ബാവ:

" സി. മമ്മൂട്ടി:

" പി. കെ. അബ്ദുറബ്ബ്:

" ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995 കാലയളവിൽ പി.എസ്.സി. മുഖേന ആരോഗ്യവകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ നിയമിതരായവരുടെ സീനിയോറിറ്റി ലിസ്റ്റ് പുനർനിർണ്ണയിക്കാനും, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിലേക്ക് നടത്തിയ പ്രൊമോഷനുകൾ പുനഃപരിശോധിച്ച് പുതിയ ലിസ്റ്റിൽ നിന്നും പ്രൊമോഷൻ നൽകുവാനും ബഹു. കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ച് 2848/2000, 2284/2000, 2750/2000 എന്നീ അപ്പീലുകളിൽ 24-11-2003-ന് പുറപ്പെടുവിച്ച ഉത്തരവ് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച നടപടി ഏതു ഘട്ടത്തിലാണ് എന്ന് വെളിപ്പെടുത്താമോ;

(സി) കോടതി നിർദ്ദേശം എന്നത്തേക്ക് പൂർണ്ണമായും നടപ്പാക്കും എന്ന് വ്യക്തമാക്കുമോ;

(ഡി) 1997-ൽ സംസ്ഥാനത്ത് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിൽ ഉണ്ടായിരുന്ന ഒഴിവുകളിലേക്ക് പ്രൊമോഷൻ യോഗ്യത നേടിയിരുന്നവർക്ക് ഹൈക്കോടതി നിർദ്ദേശാനുസരണം മുൻകാല പ്രാബല്യത്തിൽ പ്രൊമോഷൻ നൽകിയോ;

(ഇ) ഇല്ലെങ്കിൽ എന്നേക്ക് നൽകാനാകും എന്ന് വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാനത്ത് നിലവിൽ ഹെൽത്ത് സൂപ്പർവൈസർ, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 എന്നീ തസ്തികകളിൽ എത്ര ഒഴിവുകളുണ്ട് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) 2848/2000, 2284/2000, 2750/2000 എന്നീ അപ്പീലുകളിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) കോടതി നിർദ്ദേശം നടപ്പിലാക്കാനായി ബഹു. ഹൈക്കോടതി 31-8-2004 വരെ സമയം അനുവദിച്ചിട്ടുണ്ട്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ മാരുടെ സീനിയോറിറ്റി ലിസ്റ്റ് പുനഃനിർണ്ണയം നടത്തുന്നത് ശ്രമകരമായ ജോലിയാണ്. ആയത് എപ്പോൾ പൂർത്തിയാകും എന്ന് കൃത്യമായി പറയാൻ സാധിക്കില്ല.

(ഡി ആന്റ് ഇ) സീനിയോറിറ്റി ലിസ്റ്റ് പുനഃനിർണ്ണയം ചെയ്യുന്ന മുറയ്ക്ക് ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം മുൻകാല പ്രാബല്യത്തിൽ പ്രൊമോഷൻ നൽകുന്ന കാര്യം അപ്പോൾ പരിശോധിക്കുന്നതാണ്.

(എഫ്) ഹെൽത്ത് സൂപ്പർവൈസർ .. 26

ഹെൽത്ത് ഇൻസ്പെക്ടർ .. 101

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 നിയമനം

149 [1727] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 നിയമനത്തിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഓരോ ജില്ലയിലും ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചു എന്നും ഓരോ ജില്ലയിലെയും ലിസ്റ്റ് എന്ന് നിലവിൽ വന്നു എന്നും വ്യക്തമാക്കുമോ;

(സി) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ കൊല്ലം, പത്തനംതിട്ട ജില്ലകളിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) കൊല്ലം, പത്തനംതിട്ട ജില്ലകളിലെ നിയമനത്തിന് ഉണ്ടാവുന്ന കാലതാമസത്തിന്റെ കാരണം വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത ജില്ലകളിലെ നിയമനത്തിന് എത്ര ഒഴിവുകൾ നാളിതു വരെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു എന്നും എത്ര ഒഴിവുകൾ കൂടി ഈ വർഷം ഉണ്ടായേക്കും എന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly